## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2712** 19.12.2012 **-ൽ മറുപടിക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമം ലംഘിച്ച് താൽക്കാലിക നിയമനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ശ്രീ.ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) താൽക്കാലിക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ അറിയിക്കാതെ മറ്റുവിധത്തിൽനികത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) എങ്കിൽ ഈ നടപടിക്കെതിരെ നടപടികൾ സ്വീകരിക്കുമോ ; | (ബി) സ്വീകരിച്ചിട്ടുണ്ട്. 1959 ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ആക്ട് പ്രകാരം എംപ്ലോയ്മെന്റ് ഓഫീസർ / ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ പരിശോധന നടത്തി അനധികൃതമായി നിയമനം ലഭിച്ചവരെ പിരിച്ചുവിടാനും ഒഴിവുകൾ നിർബന്ധമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കണമെന്നും നിർദ്ദേശം നൽകുന്നുണ്ട്. |
| (സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര പേർ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; | (സി) 44,99,374 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) 2011-12 ലും 2012-13 ൽ നാളിതുവരെയും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര പേരെ സ്പോൺസർ ചെയ്തിട്ടുണ്ട് ? | (ഡി) 2011-12 കാലയളവിൽ 22,011 ഒഴിവുകളും 2012-13 – ൽ നാളിതുവരെ 9095 ഒഴിവുകളും (ആകെ 31,106) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2011-12 ൽ 2,46,384 ഉദ്യോഗാർത്ഥികളെയും 2012-2013 ൽ നാളിതുവരെ 1,01,972 ഉദ്യോഗാർത്ഥി കളെയും (ആകെ 3,48,356) സ്പോൺസർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ